Malappuram District Police

**18.06.2017 എടക്കര**

13 കാരനായ മകന് ബൈക്ക് ഓടിക്കാൻ കൊടുത്ത പിതാവ് അറസ്റ്റിൽ. എടക്കര ചിന്നക്കൽ ബാപ്പുട്ടി(36)യെയാണ് അറസ്റ്റ് ചെയ്തത്.

ശനിയാഴ്ച വൈകീട്ടാണ് ബാപ്പുട്ടിയുടെ 13 കാരനായ മകൻ രണ്ട് കുട്ടികളേയും പുറകിൽ വെച്ച് ടൗണിലൂടെ ബൈക്ക് ഓടിച്ചുപോയത്. ബൈക്കിൻെറ ലൈസൻസ് ബാപ്പുട്ടിയുടെ പേരിലാണ്. പഴയ പോലീസ് സ്റ്റേഷൻ കവലക്ക് സമീപമാണ് പോലീസ് ഇവരെ പിടികൂടിയത്. നിരവധി തവണ മുന്നറിയിപ്പ് നല്കിയിട്ടും നിയമം അനുസരിക്കാതെ നടപടികൾ തുടരുന്നതുകൊണ്ടാണ് ഇയാളെ അറസ്റ്റ് ചെയ്തത്. മൊബൈൽ ഫോൺ വഴി വിളിച്ചുവരുത്തി എടക്കര എസ്.ഐ. സുനിൽ പുളിക്കൻ ബാപ്പുട്ടിയെ അറസ്റ്റ് ചെയ്യുകയായിരുന്നു.